**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് - കരുനാഗപ്പള്ളി നഗരസഭ -ഖരമാലിന്യ പ്ലാന്റ് നവീകരണത്തിനാവശ്യമായ ഭൂമി ജില്ലാ കളക്ടർ നിശ്ചയിച്ചു നൽകുന്ന മാർക്കറ്റ് വിലയ്ക്കു വാങ്ങുവാൻ. അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

**സ.ഉ. (സാധാ)നം. 1011/2012/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 31-3-2012.**

---

**പരാമർശം :-**

1. 27-1-12 -ലെ കരുനാഗപ്പള്ളി നഗരസഭയുടെ 19 (18)-ാം നമ്പർ തീരുമാനം.
2. കരുനാഗപ്പള്ളി നഗരസഭാ ചെയർമാന്റെ 8-2-12-ലെ പി.10008/12-ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

കരുനാഗപ്പള്ളി നഗരസഭയുടെ ഖരമാലിന്യ പ്ലാന്റ് നവീകരിക്കുന്നതിനായി ടി നഗരസഭയുടെ നിലവിലുള്ള പ്ലാന്റ് സ്ഥിതിചെയ്യുന്ന വസ്തുവിനോട് ചേർന്നുള്ള 1.25 ഏക്കർ വസ്തു കൂടി അക്വിസിഷൻ നടപടി ഒഴിവാക്കി അനുരഞ്ജനത്തിൽ വാങ്ങുന്നതിനായി തഹസിൽദാർ നിശ്ചയിച്ച വിലയും വസ്തുവിന്റെ മാർക്കറ്റ് വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ടായതിനാൽ വസ്തു വില പുനർനിർണ്ണയിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരുനാഗപ്പള്ളി നഗരസഭയുടെ ഖരമാലിന്യ പ്ലാന്റ് വിപുലീകരിക്കുന്നതിനായി നിലവിലുള്ള പ്ലാന്റ് സ്ഥിതിചെയ്യുന്ന വസ്തുവിന് സമീപത്തുള്ള 1.25 ഏക്കർ വസ്തു ജില്ലാ കളക്ടർ കമ്പോളവില നിശ്ചയിച്ച് നൽകുന്നത് അനുസരിച്ചുള്ള തുകയ്ക്ക് വാങ്ങുന്നതിന് കരുനാഗപ്പള്ളി നഗരസഭയ്ക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

**To**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, തിരുവനന്തപുരം.
സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
ജില്ലാ കളക്ടർ, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.